# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2629 14.12.2015 - ൽ മറുപടിയ്ക്ക്

### ഡി.ആർ.ഐ.പി. ഇറിഗേഷൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അച്യുതൻ | | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ലോക ബാങ്ക് സഹായത്തോടെ ഇറിഗേഷൻ വകുപ്പ് കേരളത്തിൽ ആരംഭിച്ചിരിക്കുന്ന ഡി.ആർ.ഐ.പി. യിൽ ഉൾ പ്പെടുത്തി പാലക്കാട് ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ മലമ്പുഴ, വാളയാർ, ചുള്ളിയാർ, മീൻകര, പോത്തുണ്ടി എന്നിവടങ്ങളിലെ അണക്കെട്ടുകളിലേയും മൂലത്തറ റഗുലേറ്ററിലേയും ഉൾ പ്പെടെ ആറ് പ്രവർത്തികൾക്ക് ലോക ബാങ്ക് സഹായത്തോടെ ജലസേചന വകുപ്പ് ആരംഭിച്ചിരിക്കുന്ന ഡ്രിപ്പ് പദ്ധതിയിൽ ഉൾ പ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ അണക്കെട്ടിലെ പ്രവർത്തിക്കുള്ള അനുമതി സംബന്ധിച്ച നിർ ദ്ദേശം ലോക ബാങ്കിന്റെ പരിഗണനയിലാണ്. |
| (ബി) സാമ്പത്തിക സഹായം നൽകിയ സ്ഥാപനം നിർ ദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകളും നിർ ദ്ദേശങ്ങളും പരിശോധിച്ച് മാത്രമാണോ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്; പരാതികൾ എന്തെങ്കിലും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സാമ്പത്തിക സഹായം നൽകിയ സ്ഥാപനം നിർ ദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകളും നിർ ദ്ദേശങ്ങളും പരിശോധിച്ച ശേഷമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പോത്തുണ്ടി, ചുള്ളിയാർ എന്നിവടങ്ങളിലുള്ള അണക്കെട്ടുകളുമായി ബന്ധപ്പെട്ട പ്രവർത്തികൾ സംബന്ധിച്ച് ശ്രീ.വൈ.ശ്ലീബാച്ചൻ എന്ന കരാറുകാരൻ രണ്ട് കേസുകൾ കോടതിയിൽ ഫയൽ ചെയ്യുകയും, പ്രസ്തുത രണ്ടു കേസുകളും കോടതി തള്ളിക്കളയുകയും ചെയ്തു. |
| (സി) സാമ്പത്തിക സഹായം നൽകിയ സ്ഥാപനം 2015 ഡിസംബർ 31 | (സി) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |

വരെയുള്ള വർക്കുകളുടെ എഗ്രിമെന്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) മൂലത്തറ റെഗുലേറ്ററിൽ ഡി.ആർ.ഐ.പി. യിൽ ഉൾ പ്പെടുത്തി പ്രവൃത്തിക്ക് അനുമതി ലഭിച്ചിട്ടും ഇതുവരെയും ടെണ്ടർ നടപടികൾ തുടങ്ങാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) മൂലത്തറ റെഗുലേറ്ററിലെ; ഡ്രിപ്പിൽ ഉൾ പ്പെട്ട പ്രവർത്തിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് മുന്നോടിയായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന ആവശ്യമാണ്. അനുമതിക്കുള്ള നിർ ദ്ദേശം ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ചു വരുന്നു. നിർ ദ്ദേശത്തിൻ മേൽ CTE - യുടെ അഭിപ്രായം ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ നിയമാനുസരണം സ്വീകരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ